പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 176 01.12.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## സി.ബി.ഐ. അന്വേഷണത്തിനു വിട്ട കേസുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജെയിംസ് മാത്യു | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ഗവൺമെന്റ് നാളിതുവരെ സി.ബി.ഐ അന്വേഷണത്തിന് വിട്ട കൊലപാതക കേസുകളുടെ വിശദാംശങ്ങൾ നല്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ശ്രീ.ടി.പി.ചന്ദ്രശേഖരൻ വധത്തിനു പിന്നിലെ ഗൂഢാലോചന ഉൾപ്പെടെ ജയകൃഷ്ണൻ മാസ്റ്റർ, ഷുക്കൂർ, കുണ്ടാർ ബാലൻ, രാമഭദ്രൻ, സതാംസിങ്ങ്, ശ്രേയ, അസ്റ്റിൻ ദേവരാജ്, കതിരൂർ മനോജ്, അബ്ദുൾ ഹക്കിം എന്നിവരുടെ മരണവുമായി ബന്ധപ്പെട്ട കേസുകൾ CBI യ്ക്ക് കൈമാറിക്കൊണ്ട് സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതിൽ എല്ലാ കേസ്സുകളും സി.ബി.ഐ ഏറ്റെടുത്തിട്ടില്ല. |
| (ബി) ഇതിൽ ഏതെല്ലാം കേസുകൾ സി.ബി.ഐ തെളിയിച്ചിട്ടുണ്ട്; ഇപ്പോഴും അന്വേഷണത്തിലിരിക്കുന്ന കൊലപാതക കേസുകളുടെ എണ്ണം എത്ര; | (ബി) കതിരൂർ മനോജ് വധവുമായി ബന്ധപ്പെട്ട് കതിരൂർ പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നം.780/2014 കേസ് സി.ബി.ഐ അന്വേഷിച്ചു വരുന്നു. ടി കേസിന്റെ അന്വേഷണം പ്രാഥമികഘട്ടത്തിലാണ്. |
| (സി) കൊലപാതക കേസുകൾ സി.ബി.ഐ അന്വേഷണത്തിന് വിടുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ; | (സി) കേസിന്റെ സ്വഭാവവും വിവിധ കോണുകളിൽ നിന്നുള്ള അഭ്യർത്ഥനയും പുതിയ വെളിപ്പെടുത്തലുകളും നിയമവശങ്ങളും പരിഗണിച്ചും സംസ്ഥാന പോലീസ് മേധാവിയുടെ ശുപാർശ കണക്കിലെടുത്തുമാണ് സി.ബി.ഐ അന്വേഷണത്തിനു കേസുകൾ വിടുന്നത്. കോടതി ഉത്തരവു പ്രകാരവും കേസ്സുകൾ സി.ബി.ഐ.യ്ക്ക് വിടാറുണ്ട്. |

(ഡി) ഈ സർക്കാർ മുമ്പാകെ ഏതെല്ലാം കൊലപാതക കേസുകൾ, സി.ബി.ഐ അന്വേഷണത്തിന് വിടണം എന്ന ആവശ്യം ഉയർന്നുവന്നിരുന്നു;ഇതിൽ സി.ബി.ഐ അന്വേഷണത്തിന് വിട്ടത് ഏതെല്ലാം ; അതിന്റെ മാനദണ്ഡം എന്തായിരുന്നു; വിശദമാക്കാമോ?

(ഡി) കൂടുതൽ മെച്ചപ്പെട്ട അന്വേഷണം എന്ന ഉദ്ദേശ്യത്തോടെ ഒട്ടനവധി അപേക്ഷകളിൽ CBI അന്വേഷണം ആവശ്യപ്പെടാറുണ്ട്. സർക്കാരിൽ ലഭിച്ച അപേക്ഷകളിൽ ശ്രീ.ടി.പി.ചന്ദ്രശേഖരൻ വധത്തിനു പിന്നിലെ ഗൂഢാലോചന ഉൾപ്പെടെ ജയകൃഷ്ണൻ മാസ്റ്റർ, ഷുക്കൂർ, കുണ്ടാർ ബാലൻ, രാമഭദ്രൻ, സതംസിങ്ങ്, ശ്രേയ, അസ്റ്റിൻ ദേവരാജ്, കതിരൂർ മനോജ്, അബ്ദുൾ ഹക്കിം എന്നിവരുടെ മരണവുമായി ബന്ധപ്പെട്ട കേസുകൾ CBI യ്ക്ക് കൈമാറിക്കൊണ്ട് സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതിൽ എല്ലാ കേസ്സുകളും സി.ബി.ഐ ഏറ്റെടുത്തിട്ടില്ല. കേസിന്റെ സ്വഭാവവും വിവിധ കോണുകളിൽ നിന്നുള്ള അഭ്യർത്ഥനയും പുതിയ വെളിപ്പെടുത്തലുകളും നിയമവശങ്ങളും പരിഗണിച്ചും സംസ്ഥാന പോലീസ് മേധാവിയുടെ ശുപാർശ കണക്കിലെടുത്തുമാണ് സി.ബി.ഐ അന്വേഷണത്തിനു കേസുകൾ വിട്ടിട്ടുള്ളത്.

സെക്ഷൻ ഓഫീസർ